പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*365

12.05.2017 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീമതി. വീണാ ജോർജ്ജ്: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശകളിൽ എതൊക്കെ അംഗീകരിച്ചിട്ടുണ്ട്; പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ശുപാർശകൾ പരിശോധിച്ച് വരുന്നു. തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ സംബന്ധിച്ച് ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെയും ബഹു. മുഖ്യമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും തൊഴിൽ ഉടമകളുമായും വിവിധ തലത്തിൽ വിശദമായ ചർച്ചകൾ നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) തോട്ടം തൊഴിലാളികളെ ഇ .എസ്. ഐ. സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) പരിശോധിച്ചു വരുന്നു. |
| സി) സ്വന്തമായി വീടില്ലാത്ത പ്ലാന്റേഷൻ തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുവാനും നിലവിലെ ലയങ്ങൾ നവീകരിക്കുന്നതിനും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) തോട്ടം മേഖലയിലെ തൊഴിലാളികളിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരും സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്കുമായി Own your Own Housing Scheme എന്ന പേരിൽ വീട്/ അപ്പാർട്ട്മെന്റ് നിർമ്മിച്ച് നൽകുന്ന ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള "ഭവനം ഫൗണ്ടേഷൻ ഓഫ് കേരള" മുഖേന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന തോട്ടം മേഖലയിൽ സമഗ്ര സർവ്വേ 2016-ൽ നടത്തിയിരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ സ്വന്തമായി വീടും, ഭൂമിയും ഇല്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ മുഖേനയോ, കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ "ലൈഫ് മിഷൻ" മുഖേനയോ സ്വന്തമായി വീട് നിർമ്മിച്ച് |

നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. പദ്ധതി പ്രകാരം സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 sq.ft ഉള്ള വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 sq.ft ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നു. പ്ലാന്റേഷൻ ലേബർ നിയമപ്രകാരം ലയങ്ങളുടെ നവീകരണം തോട്ടം ഉടമകളുടെ ഉത്തരവാദിത്വമാണ്. പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ലയങ്ങളുടെ സ്ഥിതി പരിശോധന നടത്തുകയും, ഉടമകൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

Sreedes

**സെക്ഷൻ ഓഫീസർ**